LIBRARY ARCHIVES Kerala Legislative Assembly

ആദിച്ചനെല്ലൂർ ചിറ ടൂറിസം പദ്ധതി

353 (1043) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ ആദിച്ചനെല്ലൂർ ചിറ ടൂറിസം പദ്ധതിക്ക് വേണ്ടി എത്ര രൂപയുടെ ഭരണാനുമതി നൽകിയെന്നും പ്രസ്തുത ഭരണാനുമതി നൽകിയ തീയതിയും അറിയിക്കുമോ;

(ബി) പ്രസ്തുത ടൂറിസം പദ്ധതി നിർവ്വഹണം നടത്തുന്നതിലേക്ക് ആരെയാണ് ചുമതലപ്പെടുത്തിയത്; നാളിതുവരെ ഇവർ നടത്തിയ നിർമ്മാണ ജോലികൾ എന്തൊക്കെയാണ്;

(സി) ഈ പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് അറിയിക്കാമോ; ശേഷിക്കുന്ന പണികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ടൂറിസം പദ്ധതി എന്നത്തേക്ക് പൂർത്തികരിക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) 22-5-2014-ലെ G.O. (Rt.) No. 3963/2014/TSM ഉത്തരവ് പ്രകാരം ആദിച്ചനെല്ലൂർചിറ ടൂറിസം പദ്ധതിക്ക് 44,00,000 (നാല്പത്തിനാല് ലക്ഷം) രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) കൊല്ലം മൈനർ ഇറിഗേഷൻ എക്സിക്യൂട്ടീവ് എൻജിനീയറെയാണ് പ്രസ്തുത പദ്ധതിയുടെ ചുമതലയേൽപ്പിച്ചിരിക്കുന്നത്. നടപടികൾ പൂർത്തിയാക്കി 28-9-2015-ൽ work order നൽകുകയും സൈറ്റ് കൈമാറുകയും ചെയ്തിട്ടുണ്ട്.

(സി&ഡി) 2016 മാർച്ചോടുകൂടി പദ്ധതി പൂർത്തിയാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ഡി.ടി.പി.സി.-യുടെ നിർമ്മാണ പ്രവർത്തനങ്ങളിലെ അഴിമതി

354 (1044) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഠിനംകുളം വാട്ടർ സർക്യൂട്ടിന്റെ ഭാഗമായി കൊല്ലമ്പുഴയിൽ നിർമ്മിച്ച ടൂറിസം അമിനിറ്റീസ് സെന്റർ പ്രകൃതിക്ഷോഭത്തിൽ തകർന്നതിനെക്കുറിച്ചോ നിർമ്മാണത്തിലുണ്ടായ അപാകതയെക്കുറിച്ചോ വകുപ്പ് അന്വേഷണം നടത്തിയിട്ടുണ്ടോ ; എങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) ആക്കുളം ടൂറിസ്റ്റ് വില്ലേജിൽ ഡി.റ്റി.പി.സി. നടപ്പിലാക്കിയ നിർമ്മാണ പ്രവർത്തനങ്ങളിൽ വ്യാപകമായുണ്ടായ ആക്ഷേപങ്ങളിന്മേൽ അന്വേഷണം നടത്തിയിട്ടുണ്ടോ ; എങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) വേളിയിൽ സുനാമി ഫണ്ട് വിനിയോഗിച്ച് നിർമ്മിച്ച സുനാമി പാർക്ക് തകർന്ന് നഷ്ടം സംഭവിച്ചതിനെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ ; എങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

(ഡി) ഈ സർക്കാർ നിലവിൽ വന്ന ശേഷം തിരുവനന്തപുരം ഡി.റ്റി.പി.സി. സെക്രട്ടറിക്കെതിരെ ഏതെല്ലാം പരാതികളിന്മേൽ അന്വേഷണം നടന്നിട്ടുണ്ടെന്നും അന്വേഷണ പുരോഗതിയും റിപ്പോർട്ടും വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. നിർവ്വഹണ ഏജൻസിയായ സിഡ്കോയിൽ നിന്നും റിപ്പോർട്ട് ലഭ്യമായിട്ടില്ല. പ്രസ്തുത റിപ്പോർട്ട് ലഭ്യമാക്കി പരിശോധിക്കുന്നതാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) വേളിയിൽ സുനാമി ഫണ്ട് വിനിയോഗിച്ച് പാർക്ക് നിർമ്മിച്ചിട്ടില്ല.

(ഡി) തിരുവനന്തപുരം ഡി.റ്റി.പി.സി. സെക്രട്ടറിക്കെതിരെ നിരവധി പരാതികളടങ്ങിയ ഒരു റിപ്പോർട്ട് പട്ടികജാതിക്ഷേമ സമിതി പ്രസിഡന്റ് ബഹു. മുഖ്യമന്ത്രിക്ക് നൽകുകയും പ്രസ്തുത പരാതിയിന്മേൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ ടൂറിസം വകുപ്പിന്റെ ജോയിന്റ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. കൂടാതെ സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ കമ്മീഷനിൽ ലഭിച്ച പരാതിയിന്മേൽ ടൂറിസം ജോയിന്റ് ഡയറക്ടർ ലഭ്യമാക്കിയ അന്വേഷണ റിപ്പോർട്ട് തുടർ നടപടികൾക്കായി കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ ഗോത്ര വർഗ്ഗ കമ്മീഷന് 5-5-2014-ന് നൽകുകയുണ്ടായി.

വേളി ടൂറിസ്റ്റ് കേന്ദ്രത്തെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തൽ

355 (1045) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേളി ടൂറിസ്റ്റ് കേന്ദ്രത്തെ പി.പി.പി. വ്യവസ്ഥയിൽ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ടോയെന്ന വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly